# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **941** **20/03/2013**-ൽ മറുപടിക്ക്

### മൃഗശാലകളിലെ മൃഗങ്ങളുടെ സുരക്ഷിതത്വം

ചോദ്യം

ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ.ഐ. സി. ബാലകൃഷ്ണൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീ. ഹൈബി ഈഡൻ

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലകളിലെ മൃഗങ്ങളുടെ സുരക്ഷിതത്ത്വത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) | മൃഗങ്ങളുടെ സംരക്ഷണത്തിനായി അവയുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ പരിബന്ധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ പക്ഷി മൃഗാദികൾക്കും ആവശ്യമുള്ള പോഷകമൂല്യമുള്ള ആഹാരം നൽകുന്നതോടൊപ്പം പകർച്ച വ്യാധികൾ മറ്റ് രോഗങ്ങൾ എന്നിവ തടയുന്നതിനുള്ള രോഗ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നു. മൃഗങ്ങളുടെ കൂടുകളിൽ ശുചിത്വം പാലിയ്ക്കുന്നതിലും മുൻഗണന നൽകുന്നുണ്ട്. മൃഗപരിപാലനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ജീവനക്കാരെ മറ്റുള്ള മൃഗശാലകളിൽ അയച്ച് പരിശീലനം നൽകി വരുന്നു. മൃഗശാല ആശുപത്രിയിൽ ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി മൃഗശാലവളപ്പുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | മൃഗശാലവകുപ്പിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | |
| (സി) | സന്ദർശകർ മൃഗങ്ങളെ ഉപദ്രവിക്കുന്നതും ഇവയുടെ കൂട്ടുകളിൽ പ്ളാസ്റ്റിക് വസ്തുക്കളും ഭക്ഷണവും എറിഞ്ഞ് കൊടുക്കുന്നതും തടയാൻ പ്രസ്തുത സംവിധാനം എത്രമാത്രം ഉപയോഗപ്പെടുത്താനാകുമെന്ന് വിശദമാക്കുമോ ; | (സി) | മൃഗശാലകളിലെ വിവിധ സ്ഥലങ്ങളിലും കൂട്ടുകളിലും ക്യാമറകൾ സ്ഥാപിയ്ക്കുന്നതാണ്. സന്ദർശകർ മൃഗങ്ങളെ ഉപദ്രവിയ്ക്കുന്നുണ്ടോയെന്നും കൂട്ടുകളിലേയ്ക്ക് ഭക്ഷണങ്ങളും മറ്റ് വസ്തുക്കളും എറിഞ്ഞ് കൊടുക്കുന്നുണ്ടോയെന്നും പോലീസ് എയിഡ് പോസ്റ്റിലും മൃഗശാല ഓഫീസിലും നിരീക്ഷിക്കുവാൻ സാധിക്കും |
| (ഡി) | ഇത്തരം പ്രവർത്തികൾ ചെയ്യുന്നവർക്ക് പിഴ ചുമത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചശേഷം പിഴ ചുമത്തുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ